**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** **10-02-2025 - ൽ മറുപടിയ്ക്ക്**

**ധന ഉത്തരവാദിത്ത നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | നിശ്ചിതകാലയളവിൽ റവന്യൂ കമ്മി ഇല്ലാതാക്കുന്നതിനും ധനക്കമ്മി കുറയ്ക്കുന്നതിനും സമയബന്ധിത ലക്ഷ്യങ്ങൾ നിർദേശിച്ചുകൊണ്ടുള്ള ധന ഉത്തരവാദിത്ത നിയമത്തിലെ വ്യവസ്ഥകളെല്ലാം പാലിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (എ) | സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാനസമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ധന ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.<br><br>സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ധന ഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.<br><br>അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ |

സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

**(ശതമാനത്തിൽ)**

| ധന സൂചകങ്ങൾ | ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം | 2023-24 സാമ്പത്തിക വർഷം<br><br>സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ പ്രകാരം) |
|---|---|---|
| ധനകമ്മി/ ജി.എസ്. ഡി.പി | (-)3.5 | (-)2.99 |
| റവന്യൂകമ്മി/ ജി.എസ്. ഡി.പി | (+)1.2 | (-)1.58 |
| കടബാധ്യത/ ജി.എസ്.ഡി.പി | 33.70 | 34.20 |

ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള റവന്യൂ മിച്ച സംസ്ഥാനമാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലായെങ്കിലും റവന്യൂ കമ്മി മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു കുറവും വരുത്തുന്നില്ലായെന്നതാണ് സംസ്ഥാനം റവന്യൂ കമ്മി ആയി തുടരുന്നതിന് ഹേതുവാകുന്നത്.

(ബി) സമയബന്ധിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്നും അവയിൽ നിറവേറ്റാൻ കഴിയാത്തവ ഏതെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാനസമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ധന ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.

സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി

ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ധന ഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

**(ശതമാനത്തിൽ)**

| ധന സൂചകങ്ങൾ | ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം | 2023-24 സാമ്പത്തിക വർഷം<br><br>സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ പ്രകാരം) |
|---|---|---|
| ധനകമ്മി/ ജി.എസ്. ഡി.പി | (-)3.5 | (-)2.99 |
| റവന്യൂകമ്മി/ ജി.എസ്. ഡി.പി | (+)1.2 | (-)1.58 |
| കടബാധ്യത/ ജി.എസ്.ഡി.പി | 33.70 | 34.20 |

ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള റവന്യൂ മിച്ച സംസ്ഥാനമാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലായെങ്കിലും റവന്യൂ കമ്മി മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു കുറവും വരുത്തുന്നില്ലായെന്നതാണ് സംസ്ഥാനം റവന്യൂ കമ്മി ആയി തുടരുന്നതിന് ഹേതുവാകുന്നത്.

| | | | |
|---|---|---|---|
| (സി) | സർക്കാർ ചെലവുകളെക്കുറിച്ചും ധനകാര്യ സ്ഥിതിയെക്കുറിച്ചുമുള്ള കേരള പൊതു ചെലവ് അവലോകന സമിതിയുടെ എത്ര റിപ്പോർട്ടുകൾ ഇനിയും സർക്കാരിന് സമർപ്പിക്കാനുണ്ടെന്ന് അറിയിക്കുമോ; വിശദമാക്കാമോ; | (സി) | 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്തം ആക്റ്റിലെ (2003-ലെ 29) 6-ാം വകുപ്പ് പ്രകാരം സർക്കാർ പൊതുചെലവ് പുന:പരിശോധന കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന രൂപീകരിക്കേണ്ടതുണ്ട്. 16.09.2022 ലെ SRO No. 892/2022 പ്രകാരം രൂപീകരിച്ച ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്. ഡോ. ഡി നാരായണ ചെയർമാനും, ശ്രീ. എൻ. രാമലിംഗം, ശ്രീ. സിദ്ധിക്ക് റാബിയത്ത്, ശ്രീമതി. പി. എൽ. ബീന എന്നിവർ കമ്മിറ്റി അംഗങ്ങളുമാണ്. ആറാം എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ 2019-20,2020-21 വർഷങ്ങളിലെ ഒന്നാമത്തെ റിപ്പോർട്ട് 2024 ജൂൺ മാസത്തിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്. |
| (ഡി) | ധനക്കമ്മി കുറച്ചു കൊണ്ടുവരുന്നതിനായി മുൻകാലങ്ങളിൽ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദമാക്കാമോ? | (ഡി) | സാമ്പത്തിക പ്രതിസന്ധികൾക്കും വെല്ലുവിളികൾക്കുമിടയിലും 2021-22ലെ കോവിഡ് മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്നും കേരളം ശക്തമായ തിരിച്ചുവരവിലൂടെ സ്ഥായിയായ വളർച്ച രേഖപ്പെടുത്തിയ വർഷമാണ് 2023-24. അസമത്വവും നീതീകരണമില്ലാത്തതുമായ കേന്ദ്ര-സംസ്ഥാന ധനകാര്യ ബന്ധവും ഫെഡറലിസത്തിന്റെ നയങ്ങൾ യഥാവിധി നടപ്പിലാക്കുന്നതിലെ കേന്ദ്ര സർക്കാരിന്റെ പരാജയവും ഇന്ന് സംസ്ഥാനസമ്പദ്ഘടനയെ മുൻപുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള ധന ഞെരുക്കത്തിലേക്ക് നയിച്ചെങ്കിലും സംസ്ഥാന സർക്കാർ ജനക്ഷേമത്തിനും വരുമാന വളർച്ചയ്ക്കും ഊന്നൽ നൽകി ഒരു നവകേരളം നിർമ്മിക്കാനുള്ള ദൃഢനിശ്ചയവുമായി മുന്നേറുകയാണ്.<br><br>സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുകയെന്ന ദ്വിമുഖ തന്ത്രമാണ് സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കി വരുന്നത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുകയെന്നതും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇതിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത്. ധന ഞെരുക്കത്തിനിടയിലും റവന്യൂകമ്മി കുറച്ചുകൊണ്ടു വരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മുൻ വർഷങ്ങളിൽ സമ്പദ് വ്യവസ്ഥക്ക് അകത്തു നിന്നും പുറത്തു നിന്നും ഉണ്ടായ തടസ്സങ്ങളിൽ നിന്നും മോചനം നേടി പുനർ നിർമ്മാണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. നികുതി നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിക്കൊണ്ടും റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കിയും ധനകമ്മിയും കടവും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനത്തിന്റെ നിശ്ചിത പരിധിയിൽ നിർത്തിയും കടമെടുക്കുന്ന തുക പൂർണ്ണമായും വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുകയെന്ന സമീപനമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.<br><br>അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ അനുസരിച്ച് പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ചിരിക്കുന്ന ധനദൃഢീകരണ പാതയ്ക്കുള്ളിൽ ധനകമ്മിയും മൊത്ത ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള അനുപാതവും നിലനിർത്താൻ 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു. |

**(ശതമാനത്തിൽ)**

| ധന സൂചകങ്ങൾ | ധനകാര്യ കമ്മീഷൻ നിഷ്കർഷിച്ച അനുപാതം | 2023-24 സാമ്പത്തിക വർഷം<br><br>സംസ്ഥാനം കൈവരിച്ച അനുപാതം (അക്കൗണ്ടന്റ് ജനറലിന്റെ 2023-24 വർഷത്തെ കണക്കുകൾ പ്രകാരം) |
|---|---|---|
| ധനകമ്മി/ ജി.എസ്. ഡി.പി | (-)3.5 | (-)2.99 |
| റവന്യൂകമ്മി/ ജി.എസ്. ഡി.പി | (+)1.2 | (-)1.58 |
| കടബാധ്യത/ ജി.എസ്.ഡി.പി | 33.70 | 34.20 |

ധനകാര്യ കമ്മിഷൻ നിഷ്കർഷിച്ചിട്ടുള്ള റവന്യൂ മിച്ച സംസ്ഥാനമാകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ലായെങ്കിലും റവന്യൂ കമ്മി മുൻ വർഷങ്ങളെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിൽ കുറയ്ക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. മാനുഷികവും സാമ്പത്തികവുമായ പ്രതിസന്ധികളോടുള്ള പ്രതികരണത്തിൽ സംസ്ഥാനം ഒരു കുറവും വരുത്തുന്നില്ലായെന്നതാണ് സംസ്ഥാനം റവന്യൂ കമ്മി ആയി തുടരുന്നതിന് ഹേതുവാകുന്നത്.

സെക്ഷൻ ഓഫീസർ